# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 26-12-2025** **TIME 12.50 PM**

## പ്രധാന വാർത്തകൾ

1. കുട്ടികളുടെ പ്രതിഭ രാജ്യത്തിന്റെ പുരോഗതിക്ക് അടിത്തറയേകുമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. പ്രധാനമന്ത്രി രാഷ്ട്രീയ ബാൽ പുരസ്കാരങ്ങൾ രാഷ്ട്രപതി സമ്മാനിച്ചു.

   **President Droupadi Murmu said that the talent of children will be the foundation of the country's progress. The President presented the Prime Minister's Rashtriya Bal awards.**

2. രാജ്യത്തെ കുട്ടികൾ ധീരതയുടെയും ത്യാഗത്തിന്റെയും പാതയിലൂടെ സഞ്ചരിച്ച് രാഷ്ട്ര നിർമ്മാണത്തിൽ പങ്കാളികളാകണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Prime Minister Narendra Modi said that the children of the country should walk in the path of courage and sacrifice and should be a part of the nation building.**

3. ദേശീയ അന്വേഷണ ഏജൻസി സംഘടിപ്പിക്കുന്ന ഭീകരവിരുദ്ധ സമ്മേളനം കേന്ദ്ര മന്ത്രി അമിത് ഷാ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്തു .

   **Union Minister Amit Shah inaugurated the anti-terrorism conference organized by the National Investigation Agency in New Delhi.**

4. കേരളത്തിൽ നഗരസഭാ അധ്യക്ഷ പദവികളിലേക്കുള്ള തിരഞ്ഞെടുപ്പ് പുരോഗമിക്കുന്നു. തിരുവനന്തപുരത്ത് വി വി രാജേഷും കൊച്ചിയിൽ വി.കെ.മിനിമോളും മേയർ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടു. ആശംസ അറിയിച്ച് മുഖ്യമന്ത്രി.

Elections for the posts of corporation and municipal chairperson are progressing in Kerala. VV Rajesh was elected as the mayor in Thiruvananthapuram and VK Minimol was elected as the mayor in Kochi. The Chief Minister conveyed his congratulations.

5. വി ബി ജി റാം ജി പദ്ധതിപ്രകാരം ഗ്രാമങ്ങളിൽ കൂടുതൽ വികസന പ്രവർത്തനങ്ങൾ നടത്തുമെന്ന് കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ.

Union Minister Shivraj Singh Chouhan said that more development work will be done in villages under the VBG Ramji scheme.

6. ഇന്ത്യ- ശ്രീലങ്ക വനിതാ ടി 20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം ഇന്ന് തിരുവനന്തപുരത്ത്.

The third match of the India-Sri Lanka women's T20 cricket series will be played in Thiruvananthapuram today.

************************************

## PREZ- BAL PURASKAR (INTRO)

കുട്ടികളുടെ പ്രതിഭ രാജ്യത്തിന്റെ പുരോഗതിക്ക് അടിത്തറയേകുമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. പ്രധാനമന്ത്രി രാഷ്ട്രീയ ബാൽ പുരസ്കാരങ്ങൾ ന്യൂഡൽഹിയിൽ സമ്മാനിക്കുകയായിരുന്നു രാഷ്ട്രപതി. പുരസ്കാരങ്ങൾ രാജ്യത്തുടനീളമുള്ള കുട്ടികൾക്ക് പ്രചോദനമേകുമെന്നും രാഷ്ട്രപതി പറഞ്ഞു .

( ഹോൾഡ് വോയിസ് )

20 കുട്ടികളെ ഈ വർഷം പുരസ്കാരത്തിനായി തിരഞ്ഞെടുത്തിട്ടുണ്ട്. കേരളത്തിൽ നിന്നുള്ള മുഹമ്മദ് സിദാൻ പുരസ്കാരത്തിന് അർഹനായി. ധീരത, കായികം, സാമൂഹിക സേവനം എന്നീ മേഖലകളിലെ മികച്ച പ്രകടനങ്ങൾക്കാണ് പുരസ്കാരം.

************************************

## PM-VEER BAAL DIWAS

രാജ്യത്തെ കുട്ടികൾ ധീരതയുടെയും ത്യാഗത്തിന്റെയും പാതയിലൂടെ സഞ്ചരിച്ച് രാഷ്ട്ര നിർമ്മാണത്തിൽ പങ്കാളികളാകണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ന്യൂഡൽഹിയിൽ നടന്ന 'വീർ ബാൽ ദിവസ്' ദേശീയ പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. പ്രധാനമന്ത്രി രാഷ്ട്രീയ ബാല പുരസ്കാർ അവാർഡ് ജേതാക്കളും പരിപാടിയിൽ സന്നിഹിതരായിരുന്നു. ശ്രീ ഗുരു ഗോവിന്ദ് സിംഗ് ജിയുടെ മക്കളായ സാഹിബ്സാദുകളുടെ ധീരതയെയും ത്യാഗത്തെയും ആദരിക്കുന്നതിനാണ് 'വീർ ബാൽ ദിവസ്' ആചരിക്കുന്നത്. രക്തസാക്ഷികളുടെ ജീവിതവും ആദർശങ്ങളും തലമുറകളോളം ജനങ്ങളെ പ്രചോദിപ്പിക്കുമെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമകുറിപ്പിൽ സൂചിപ്പിച്ചു.

*********************************************

## ANTI-TERROR CONFERENCE- AMIT SHAH

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ന്യൂഡൽഹിയിൽ ഭീകരവിരുദ്ധ സമ്മേളനം ഉദ്ഘാടനം ചെയ്യു . ദേശീയ സുരക്ഷയെ ബാധിക്കുന്ന വിഷയങ്ങളെക്കുറിച്ചും ഭീകരതയിൽ നിന്ന് ഉയർന്നുവരുന്ന ഭീഷണികളെക്കുറിച്ചും ചർച്ച ചെയ്യുന്നതിന് രണ്ട് ദിവസത്തെ സമ്മേളനം വേദിയാകുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം അറിയിച്ചു. ദേശീയ അന്വേഷണ ഏജൻസിയാണ് രണ്ട് ദിവസത്തെ സമ്മേളനം സംഘടിപ്പിക്കുന്നത്.

*********************************************

## PM - EASE OF LIVING

ജീവിത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും വരും കാലങ്ങളിൽ പരിഷ്കാരങ്ങളുടെ പാത കൂടുതൽ ശക്തിയോടെ തുടരുമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി. സോഷ്യൽ മീഡിയയിൽ My.Gov ഇന്ത്യയുടെ ഒരു

കുറിപ്പ് പങ്കുവെച്ചായിരുന്നു പ്രധാനമന്ത്രിയുടെ പ്രതികരണം. ലളിതമായ നികുതി നിയമങ്ങൾ, വേഗത്തിലുള്ള തർക്ക പരിഹാരം, ആധുനിക തൊഴിൽ കോഡുകൾ എന്നിവ സംഘർഷം കുറയ്ക്കാൻ സഹായിച്ചതായി പ്രധാനമന്ത്രി പറഞ്ഞു.

*******************************************

## JK – NEW YEAR ALERT

പാകിസ്ഥാനിൽ നിന്നും ഭീകരരുടെ നുഴഞ്ഞുകയറ്റ സാധ്യതയുണ്ടെന്ന ഇന്റലിജൻസ് റിപ്പോർട്ടിനെത്തുടർന്ന് ജമ്മുവിലെയും പഞ്ചാബിലെയും അതിർത്തി ജില്ലകളിൽ സുരക്ഷാ സേന ജാഗ്രത ശക്തമാക്കി. മൂടൽമഞ്ഞിൻറെ പശ്ചാത്തലത്തിലാണ് ജാഗ്രതാ നിർദ്ദേശം. അതിർത്തികളിൽ തിരച്ചിലും ശക്തമാക്കിയിട്ടുണ്ട്.

*******************************************

## ബ്രേക്ക്

**ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്........**

**(ബ്രേക്ക്)**

*******************************************

## MAYOR

സംസ്ഥാനത്ത് കോർപറേഷൻ മേയർ, മുനിസിപ്പാലിറ്റി ചെയർപഴ്സൺ പദവികളിലേക്കുള്ള തിരഞ്ഞെടുപ്പ് പുരോഗമിക്കുന്നു. ഡെപ്യൂട്ടി മേയർമാരുടെയും വൈസ് ചെയർപഴ്സൺമാരുടെയും തിരഞ്ഞെടുപ്പ് ഉച്ചകഴിഞ്ഞ് 2.30 ന് നടക്കും. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് തിരഞ്ഞെടുപ്പ് നാളെയാണ്. തിരുവനന്തപുരത്ത് വി വി രാജേഷും കൊച്ചിയിൽ വി.കെ.മിനിമോളും മേയർ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടു. തൃശ്ശൂർ കോർപ്പറേഷൻ

മേയർ ആയി കോൺഗ്രസിൻറെ നിജി ജസ്റ്റിനും കണ്ണൂർ കോർപ്പറേഷനിൽ മേയറായി പി. ഇന്ദിരയും കൊല്ലത്ത് എ.കെ. ഹഫീസും മേയറായി ചുമതലയേറ്റു. മുഖ്യമന്ത്രി എല്ലാവർക്കും ആശംസ അറിയിച്ചു. കോഴിക്കോട് കോർപറേഷനിൽ മേയർ സ്ഥാനാർത്ഥിയായി LDF -ലെ ഒ.സദാശിവനും , UDF-നായി എസ് കെ.അബു ബക്കറും NDA- ക്കായി നമ്പിടിനാരായണനുമാണ് മത്സര രംഗത്തുള്ളത്.

******************************************

## MUNICIPALITY

മുനിസിപ്പാലിറ്റികളിലും അധ്യക്ഷ, ഉപാധ്യക്ഷ തെരഞ്ഞെടുപ്പ് ഇന്ന് നടക്കുന്നുണ്ട്. പാലാ നഗരസഭയുടെ ചെയർപേഴ്സണായി ദിയ പുളിക്കകണ്ടം ചുമതലയേറ്റു. യുഡിഎഫ് സ്ഥാനാർഥിയായ ദിയ 14 വോട്ടുകളാണ് നേടിയത്. കണ്ണൂർ ശ്രീകണ്ഠപുരം നഗരസഭയിൽ യുഡിഎഫിലെ ഇ.വി.രാമകൃഷ്ണനെ ചെയർപേഴ്സൺ ആയി തിരഞ്ഞെടുത്തു. പെരിന്തൽമണ്ണ നഗരസഭയുടെ ചെയർ പേഴ്സൺ ആയി മുസ്ലീംലീഗിലെ സുരയ്യ ഫാറൂഖ് തിരഞ്ഞെടുക്കപ്പെട്ടു. തളിപ്പറമ്പ് നഗരസഭാ ചെയർമാനായി പി.കെ.സുബൈറും കൂത്തുപറമ്പ് നഗരസഭയിൽ വി.ഷിജിത്തും തലശ്ശേരി നഗരസഭാ ചെയർമാനായി കാരായി ചന്ദ്രശേഖരനും ആന്തൂർ നഗരസഭയിൽ ചെയർപേഴ്സൺ ആയി വി. സതീദേവിയും പയ്യന്നൂർ നഗരസഭയിൽ സരിൻ ശശിയും തിരഞ്ഞെടുക്കപ്പെട്ടു. കൽപ്പറ്റയിൽ പി വിശ്വനാഥൻ 17 വോട്ട് നേടി ചെയർപേഴ്സൺ ആയി. പണിയ വിഭാഗത്തിൽ നിന്നുള്ള ആദ്യ ചെയർപേഴ്സൺ ആണ് അദ്ദേഹം.

******************************************

## ELECTIONS IN LOCAL WARDS

സ്ഥാനാർത്ഥികളുടെ നിര്യാണത്തെ തുടർന്ന് വോട്ടെടുപ്പ് മാറ്റിവെച്ച മൂന്നു തദ്ദേശ വാർഡുകളിലെ തിരഞ്ഞെടുപ്പിന് നാമനിർദേശ

പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്ന് നടത്തും. മലപ്പുറം പായിപ്പാടം, എറണാകുളം ഓണക്കൂർ, തിരുവനന്തപുരം കോർപ്പറേഷനിലെ വിഴിഞ്ഞം എന്നീ വാർഡുകളിലാണ് തിരഞ്ഞെടുപ്പ്. ജനുവരി 12 നാണ് വോട്ടെടുപ്പ്. 13 നാണ് വോട്ടെണ്ണൽ.

******************************************

## SHIVRAJ - G RAM G (INTRO)

വി ബി ജി റാം ജി പദ്ധതിപ്രകാരം ഗ്രാമങ്ങളിൽ കൂടുതൽ വികസന പ്രവർത്തനങ്ങൾ നടത്തുമെന്ന് കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. ഡിഡി ന്യൂസിന് നൽകിയ അഭിമുഖത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം . 2047 ഓടെ ഒരു വികസിത ഭാരതം എന്ന ദർശനം സാക്ഷാത്കരിക്കുന്നതിനാണ് ശ്രമമെന്നും ശ്രീ ചൗഹാൻ പറഞ്ഞു

(VOICE)

******************************************

## SIR

കേരളത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച കരട് വോട്ടർ പട്ടികയിൻമേലുള്ള പരാതികളും അവകാശവാദങ്ങളും ജനുവരി 22 വരെ സമർപ്പിക്കാം. voters.eci.gov.in, ceo.kerala.gov.in എന്നീ വെബ്സൈറ്റുകളിൽ കരട് പട്ടിക ലഭ്യമാണ്. കരടു പട്ടികയിൽ ഉൾപ്പെടാത്ത ASD പട്ടികയിൽ ഉള്ളവരും വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താനായി അപേക്ഷയും സത്യവാങ്മൂലവും നൽകണം.

******************************************

## T- 20 WOMENS

ഇന്ത്യ- ശ്രീലങ്ക വനിതാ ടി 20 പരമ്പരയിലെ മൂന്നാം മത്സരം ഇന്ന് തിരുവനന്തപുരം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ. രാത്രി ഏഴിനാണ് പോരാട്ടം. ചരിത്രത്തിൽ ആദ്യമായാണ് രാജ്യാന്തര വനിതാ ക്രിക്കറ്റ് മത്സരത്തിന് തിരുവനന്തപുരം വേദിയാകുന്നത്. 5 മത്സരങ്ങളടങ്ങിയ ഇന്ത്യ - ശ്രീലങ്ക വനിതാ ടി- 20 പരമ്പരയിലെ അവസാന മൂന്ന് മത്സരങ്ങളാണ് കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ നടക്കുന്നത്.

*****************************************

## SABARIMALA

മണ്ഡലപൂജയ്ക്ക് അയ്യപ്പ വിഗ്രഹത്തിൽ ചാർത്താനുള്ള തങ്ക അങ്കി ഘോഷയാത്ര ഇന്ന് ശബരിമല സന്നിധാനത്തെത്തും. നാളെ രാവിലെ 10.10നും 11.30ക്കും മധ്യേയാണ് മണ്ഡലപൂജ. ഇന്നലെ മാത്രം വെർച്വൽക്യൂ വഴി 67,000 തീർഥാടകരും സ്പോട്ട് ബുക്കിംഗ് വഴി 6,872 തീർഥാടകരും ദർശനം നടത്തി.

*****************************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 28 ന് രാവിലെ 11-ന്. പരിപാടിയുടെ 129-ാാം പതിപ്പാണിത്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഇന്ന് വരെ അറിയിക്കാം.

*****************************************

## SENSEX , GOLD

ഓഹരി വിപണയിൽ നഷ്ടം. മുംബൈ ഓഹരി സൂചിക സെൻസെക്സ് 332 പോയിന്റ് ഇടിഞ്ഞ് 85,076 ലും ദേശീയ ഓഹരി

സൂചിക നിഫ്റ്റി 84 പോയിന്റ് ഇടിഞ്ഞ് 26,053 ലും വ്യാപാരം തുടരുന്നു. സ്വർണ വിലയിൽ വർധന. പവന് 560 രൂപ കൂടി ഒരു ലക്ഷത്തി 2,680 രൂപയും ഗ്രാമിന് 70 രൂപ വർധിച്ച് 12,765 രൂപയുമാണ് ഇന്നത്തെ വില .

**********************************

## ACTIVE VOTER REGISTRATION DESK

2025 ലെ തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി കരട് വോട്ടർ പട്ടികയിൽ വിവിധ കാരണങ്ങളാൽ ഉൾപ്പെടാത്ത അർഹരായവരെ സഹായിക്കാൻ വില്ലേജ് ഓഫീസുകൾ കേന്ദ്രീകരിച്ച് ഹെൽപ്പ് ഡെസ്കുകൾ ആരംഭിക്കുമെന്ന് മുഖ്യമന്ത്രി അറിയിച്ചു.

**********************************

## PM – CHIEF SECRETARIES

ചീഫ് സെക്രട്ടറിമാരുടെ മൂന്ന് ദിവസത്തെ ദേശീയ സമ്മേളനത്തിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കം . സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അധ്യക്ഷത വഹിക്കും. കേന്ദ്ര-സംസ്ഥാന പങ്കാളിത്തം ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ടാണ് സമ്മേളനം. സംസ്ഥാനങ്ങളും കേന്ദ്ര ഭരണ പ്രദേശങ്ങളും പിന്തുടരേണ്ട മികച്ച രീതികൾ സമ്മേളനം ചർച്ച ചെയ്യും.

********************************************************************************************
****************